LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നടത്തിപ്പിൽ വകുപ്പുകളുടെ ഏകോപനം

334 (1391) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസനപദ്ധതിക്കും മറ്റുമായി റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ അവ യഥാസമയം പുനഃസ്ഥാപിക്കപ്പെടുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളുടെ പദ്ധതികൾക്കായി റോഡുകൾ പൊളിക്കുന്നതിന് മുമ്പായി പദ്ധതികൾ മുൻകൂട്ടി അറിയിക്കുന്ന വിധത്തിൽ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പ്രത്യേക സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു ജില്ലാതല സമിതി നിലവിലുണ്ട്.

റാന്നി മണ്ഡലത്തിലെ കെട്ടിട നിർമ്മാണങ്ങൾ

335 (1392) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത് ; അവ ഏതൊക്കെ;

(ബി) ഓരോ പ്രവൃത്തികളുടേയും നിർമ്മാണ പുരോഗതി ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ നിർമ്മാണവും കരാർ വ്യവസ്ഥ അനുസരിച്ച് പൂർത്തികരിക്കേണ്ടത് ഏതൊക്കെ തീയതികളിലായിരുന്നു;

(സി) നിർമ്മാണങ്ങൾ വൈകിയിട്ടുണ്ടെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ് ; തടസ്സങ്ങൾ നീക്കി ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെ; ഇവയുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ; ഇവയുടെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കാമോ?